(ബി) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി നടപ്പുസാമ്പത്തിക വർഷം പി.ഡബ്ല്യു.ഡി. ശീർഷകമായ '4202-02-800-95-Civil works (P) 2015-16' എന്ന ശീർഷകത്തിൽ ജി.ഒ. (ആർടി.) നമ്പർ 1318/2015/തൊഴിൽ തീയതി 25-9-2015 പ്രകാരം 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി പോകുന്നവരുടെ വിശദപഠനം

311 (1000) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോകുന്നവരുടേയും, മറ്റുസംസ്ഥാനങ്ങളിൽനിന്നും തൊഴിൽ തേടി സംസ്ഥാനത്ത് എത്തുന്നവരുടേയും കണക്കുകളും, ഇവർ നേരിടുന്ന തൊഴിൽപരവും, സാമ്പത്തികവും, സാമൂഹികവുമായ ചൂഷണങ്ങളെ സംബന്ധിച്ച എന്തെങ്കിലും പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ വളർച്ചയും, പ്രവാസികളുടെ പുനരധിവാസത്തിനും, തൊഴിൽ മേഖലയിലെ നൈപുണ്യത്തിനായുള്ള പരിശീലനവും കോഴ്സുകളും തെരഞ്ഞെടുക്കുവാനുമുള്ള ഒരു പഠനത്തിന്റെ പ്രസക്തി ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദ പഠനത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേയ്ക്കും സംസ്ഥാനങ്ങളിലേയ്ക്കും പോകുന്നവരുടെ കണക്ക് തൊഴിൽ വകുപ്പു ശേഖരിച്ചിട്ടില്ല. തൊഴിൽ വകുപ്പിനുവേണ്ടി ഗ്രാമീണ വികസന സാമ്പത്തിക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആന്റ് ഫിനാൻസ് (ഗിഫ്റ്റ്) നടത്തിയ പഠനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും 25 ലക്ഷം തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

എംപ്ലോയബിലിറ്റി സെന്ററുകൾ

312 (1001) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ കണ്ടെത്തി, സോഫ്റ്റ് സ്കില്ലുകൾക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം, വിവിധ തൊഴിൽ ദാതാക്കളുമായി സഹകരിച്ച്, പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളിൽ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

അംഗീകാരമില്ലാത്ത ഐ.ടി.ഐ.-കൾ

313 (1002) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.വി.റ്റി.യുടെ അംഗീകാരമില്ലാത്ത എത്ര ഐ.റ്റി.ഐ.കളാണ് പ്രവർത്തിക്കുന്നതെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഐ.റ്റി.ഐ.-കളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിക്കാതെ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഐ.റ്റി.ഐ.-കൾക്ക് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളുമോ ;

LIBRARY ARCHIVES Kerala Legislative Assembly